**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1520** **14-03-2022 - ൽ മറുപടിയ്ക്ക്**

**തുറമുഖ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ,<br>ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ എം നൗഷാദ് | | null<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ തുറമുഖങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ വിശദീകരിക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മുടങ്ങിക്കിടന്ന കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളെ ബന്ധിപ്പിച്ചുള്ള ചരക്ക് കപ്പൽ സർവ്വീസ് പുനരാരംഭിച്ചു. കൊല്ലം തുറമുഖത്തെ ഷിപ്പിംഗ് പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനായി മൾട്ടി പർപ്പസ് പാസഞ്ചർ കം കാർഗോ വാർഫ്, വർക്ക്ഷോപ്പ് കെട്ടിടം എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കി. കൊല്ലം തുറമുഖത്തെ ISPS സർട്ടിഫൈഡ് പോർട്ട് ആയി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി IRS സർവ്വെ നടത്തി, തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. അഴീക്കലിൽ ഒരു ഗ്രീൻ ഫീൽഡ് തുറമുഖം വികസിപ്പിക്കുന്നതിന് വേണ്ടി Malabar Ports and SEZ Ltd. എന്ന കമ്പനി രൂപീകരിച്ച് DPR തയ്യാറാക്കി വരുന്നു. കൊടുങ്ങല്ലൂരിൽ ഡ്രഡ്ജിംഗ് നടത്തി. ആലപ്പുഴ തുറമുഖ റോഡ് ഇന്റർലോക്ക് പ്രവർത്തി പൂർത്തിയാക്കി, ആലപ്പുഴ ബീച്ചിൽ തുറമുഖ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ, ഓഫീസ് ജീവനക്കാർക്കുള്ള തുറമുഖ ക്വാർട്ടേഴ്സിന്റെ നിർമ്മാണ പ്രവർത്തികൾ എന്നിവ പൂർത്തീകരിച്ചു. സിഗ്നൽ സ്റ്റേഷൻ നവീകരിച്ച് പ്രവർത്തനക്ഷമമാക്കി. തുറമുഖ സുരക്ഷക്കായി ഓഫീസ് സമുച്ചയത്തിൽ CCTV സ്ഥാപിച്ചു, തുറമുഖ ഓഫീസ് കോമ്പൗണ്ടിന്റെ ചുറ്റുമതിൽ നിർമ്മാണം, ഓഫീസ് സമുച്ചയത്തിന് ചുറ്റും ഇന്റർ ലോക്ക് ചെയ്യുന്ന പ്രവൃത്തി, മാരിടൈം ട്രെയിനിംഗ് ഹാളിന്റെ നിർമ്മാണം എന്നിവയും പൂർത്തീകരിച്ചു. ആലപ്പുഴ തുറമുഖ ഗോഡൗണുകൾ പൈതൃക മ്യൂസിയമായി മാറ്റുന്നതിനായി നവീകരിച്ചു. മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ബേപ്പൂർ തുറമുഖത്തെ ഷിപ്പിംഗ് പ്രവർത്തന ങ്ങൾ സുഗമമാക്കുന്നതിനായി മിത്ര ടഗ്ഗിന്റെ കമ്മീഷനിംഗ് |

| | | | |
|---|---|---|---|
| | | | നടത്തി. ബേപ്പൂർ തുറമുഖത്തിന്റെ വാർഫിന്റെ നീളം കൂട്ടുന്നതിനുള്ള പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. തുറമുഖ വികസനത്തിനായി 3.83 ഏക്കർ ഭൂമി ഏറ്റെടുത്തു. കപ്പൽ ചാനൽ ഡ്രഡ്ജ് ചെയ്ത് 7 മീറ്ററാക്കുന്നതിനുള്ള DPR തയ്യാറാക്കിയിട്ടുണ്ട്. ഇ.ഡി.ഐ സംവിധാനം പൂർത്തീകരിച്ചു. വിഴിഞ്ഞം തുറമുഖത്ത് ക്രൂ ചേഞ്ചിംഗ് നടത്തുന്നതിന് ക്രൂ ചേഞ്ച് ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു. വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ ISPS Code സ്ഥാപിക്കുന്നതിന്റെ ഭാഗമായുള്ള IRS സർവ്വെ പൂർത്തിയാക്കി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി എത്രയും വേഗം പൂർത്തീകരിക്കാൻ വേണ്ട സത്വരമായ നടപടികൾ സർക്കാർ സ്വീകരിച്ച് വരികയാണ്. തുറമുഖത്തിന്റെ പോർട്ട് ഓപ്പറേഷൻ ബിൽഡിംഗ് പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്തു. ഗേറ്റ് കോംപ്ലക്സ്, 220 KWA വൈദ്യുതി ലഭ്യമാക്കുന്ന സ്വിച്ച് യാർഡ് കോപ്ലക്സ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചു. |
| (ബി) | വിഴിഞ്ഞം രാജ്യാന്തര തുറമുഖവുമായി ബന്ധപ്പെട്ട പുലിമുട്ട് നിർമ്മാണത്തിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിഴിഞ്ഞം തുറമുഖ പദ്ധതി പൂർത്തിയാക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടോ; പ്രസ്തുത തുറമുഖം എന്നത്തേക്ക് പ്രവർത്തന സജ്ജമാകുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വിശദവിവരം നൽകാമോ; | (ബി) | ഉണ്ട്. പദ്ധതി വൈകിയ സാഹചര്യത്തിൽ കരാർ കമ്പനി സമർപ്പിച്ച റിവൈസ്ഡ് ഷെഡ്യൂൾ പ്രകാരം പദ്ധതി 2024 ഡിസംബറിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് അറിയിച്ചിരിക്കുന്നത്. ഇത് സർക്കാർ അംഗീകരിച്ചിട്ടില്ല. 2023-ൽ തന്നെ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ ഷെഡ്യൂൾ തയ്യാറാക്കി നടപ്പാക്കുവാൻ സർക്കാർ കരാർ കമ്പനിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന മറ്റ് അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയെന്തെന്നും വിശദമാക്കുമോ; | (സി) | നിർദ്ദിഷ്ട തുറമുഖത്തിനാവശ്യമായ ഭൂമി വൈദ്യുതി, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. തുറമുഖത്തെ ദേശീയ പാതയുമായി (NH 66) ബന്ധിപ്പിക്കുന്ന 2 Km റോഡിന്റെ നിർമ്മാണം കരാർ കമ്പനി നടത്തി വരുന്നു. ഇതിനാവശ്യമായ രണ്ട് പാലങ്ങളുടെ പ്രവൃത്തി ഏതാണ്ട് പൂർത്തിയായിട്ടുണ്ട്. മറ്റ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ടി റോഡും, ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന ഇന്റർസെക്ഷന് ദേശീയ പാത അതോറിറ്റി അംഗീകാരം നൽകിയിട്ടുണ്ട്. ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചി ട്ടുണ്ട്. നിർദ്ദിഷ്ട തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന 10.7 Km റെയിൽവേ ലൈനിന്റെ DPR ന് ചില വ്യവസ്ഥകൾക്ക് വിധേയമായി ദക്ഷിണ റെയിൽവേ അംഗീകാരം നൽകിയിട്ടുണ്ട്. DPR-പ്രകാരം ആവശ്യമായ ഭൂമി |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ഡി) | ഈ സർക്കാരിന്റെ കാലയളവിൽ പൂർത്തീകരിക്കുവാൻ തീരുമാനിച്ചിട്ടുള്ള തുറമുഖ വികസന പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ? | (ഡി) | കൊല്ലം തുറമുഖത്ത് ഇമിഗ്രേഷൻ സൗകര്യം ലഭ്യമാക്കുന്നതിന് ആവശ്യമായ ഗേറ്റ് ഹൗസ്, തുറമുഖത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനുള്ള മെക്കാനിക്കൽ ഡ്രഡ്ജിംഗ് എന്നിവയും ISPS കോഡ് നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. വിഴിഞ്ഞം സിഗ്നൽ സ്റ്റേഷനിൽ VTMS സ്ഥാപിക്കുന്നതാണ്. വലിയതുറ തുറമുഖത്തെ Shore Protection Wall ന്റെ നിർമ്മാണം പൂർത്തീകരിക്കും. അഴീക്കൽ തുറമുഖത്ത് എത്തുന്ന കപ്പലുകൾക്ക് ശുദ്ധജലം വിതരണം ചെയ്യുന്നതിനായി വാട്ടർ അതോറിറ്റിയുടെ പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും, എമിഗ്രേഷൻ ചെക്ക് പോയിന്റ് സ്ഥാപിക്കുന്നതിനും, വലിയ കപ്പലുകൾ എത്തിച്ചേരുന്നതിന് തുറമുഖ ചാനലിന്റെ ആഴം വർദ്ധിപ്പിക്കുന്നതിനും, തുറമുഖ സുരക്ഷയുടെ ഭാഗമായി ISPS കോഡ് പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും, അഴീക്കൽ തുറമുഖത്ത് വരുന്നതും പോകുന്നതുമായ ചരക്കുകൾ സൂക്ഷിക്കുന്നതിന് 1000 ച.മീ. വീതം വിസ്തീർണ്ണമുള്ള 4 ഗോഡൗണുകൾ എന്നിവയുടെ നിർമ്മാണവും ഉദ്ദേശിക്കുന്നു. ബേപ്പൂരിൽ പുതിയ Container yard, ഗോഡൗൺ എന്നിവയുടെ നിർമ്മാണം, Canteen Cum Dormitory Building നിർമ്മാണം, ബേപ്പൂർ പോർട്ടിലെ Capital Dredging, SILK കോമ്പൗണ്ടിന് മുൻവശത്തായി വാർഫ് നിർമ്മാണം (Upstream side of old wharf), ബേപ്പൂർ പോർട്ടിന്റെ ചുറ്റമതിൽ നിർമ്മാണം, കോവിലകം വക ഭൂമിയിൽ Garage Building നിർമ്മാണം, 150 മീ വാർഫിന്റെ നിർമ്മാണം (downstream side of Wharf) എന്നിവയും, മെക്കാനിക്കൽ എഞ്ചിനീയറിംഗ് വർക്ക് ഷോപ്പ് ഓഫീസിന്റെ നവീകരണവും ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ